മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22-28) ........ 109.

പാഠം 11

# ആരാധനയിലെ ഐക്യം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** വെളി.4:8, 11; മത്താ.4:8,9; ദാനി.3:8 –18; വെളി.14:9; വെളി.14:6,7; അ.പ്ര.4:23–31.

**മനഃപാഠവാക്യം: "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയ വരോട് അറിയിക്കുവാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുക്കുവിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിക്കുവിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു." (വെളിപ്പാട് 14:6,7).**

പെന്തെക്കൊസ്ത് ദിനം കഴിഞ്ഞയുടൻ ആദിമ ക്രൈസ്തവർ കൂടുതൽ സമയവും പ്രാർത്ഥനയിൽ കഴിഞ്ഞു. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അ.പ്ര.2:42). യേശുവിനെ മശിഹയെന്ന് തിരിച്ചറിഞ്ഞതും പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണവും നൽകിയ സന്തോഷം ഹൃദയങ്ങളിൽ ദൈവത്തോടുള്ള നന്ദിയും കടപ്പാടും നിറച്ചു. ഇത്ര വലിയ സത്യം അറിയാൻ എത്ര വലിയ ഭാഗ്യം. ആദിമ ക്രൈസ്തവർ ദൈവത്തോട് നന്ദിയുള്ളവരായിരുന്നു. അതിനായി പ്രാർത്ഥനയും കൂട്ടായ്മയും പഠനവും ഒരുമിച്ച് നടത്തി. യേശുവിന്റെ ജീവനും മരണവും ഉത്ഥാനവും അവർക്ക് വെളിപ്പെടുത്തിക്കൊടുത്ത ദൈവത്തിനു നന്ദിയർപ്പിച്ചു.

ക്രിസ്തുവിന്റെ സഭ നിർവ്വചന പ്രകാരം ഒരു ആരാധന കൂട്ടായ്മയാണ്. അവരെ ദൈവം വിളിച്ചത്, "ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മിക ഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ" (1 പത്രൊ.2:5) വേണ്ടിയാണു. ഒത്തൊരുമിച്ചുള്ള പ്രാർത്ഥനയിൽ ദൈവത്തിനു നന്ദിയർപ്പിക്കുന്നത് ജന ഹൃദയ-മനസ്സുകളെ ദൈവസ്വഭാവത്തിലേക്കു നയിച്ച് ശുശ്രൂഷയ്ക്കായി ഒരുക്കുന്നു.

ഈയാഴ്ച പാഠം ആരാധനയുടെ അർത്ഥത്തെക്കുറിച്ചാണ്. അത് വിശ്വാസികളിൽ ഐക്യം നിലനിർത്തുന്നതെങ്ങനെയെന്നും നോക്കാം.

**ഞായർ** **ഡിസംബർ 9**

## നമ്മുടെ സൃഷ്ടാവിനെയും വീണ്ടെടുപ്പുകാരനെയും ആരാധിക്കുമ്പോൾ

ആരാധനയെക്കുറിച്ചുള്ള ചർച്ചകളിൽ പൊതുവെ അതിന്റെ ഘടകങ്ങളെക്കുറിച്ചും അതിലുൾപ്പെടുന്നതെന്തെന്നും അതെങ്ങനെ ചെയ്യണമെന്നും ചർച്ച ചെയ്യാറുണ്ട്. എന്നാൽ ആരാധനയുടെ ആഴമായ അർത്ഥമെന്താണ്? ദൈവത്തെ ആരാധിക്കുക എന്നാൽ എന്താണ്? നമ്മളത് എന്തുകൊണ്ട് ചെയ്യുന്നു? സങ്കീ.29:2–ൽ

ദാവീദ് പറയുന്നു: "യഹോവയ്ക്ക് അവന്റെ നാമത്തിന്റെ മഹത്വം കൊടുക്കുവിൻ; വിശുദ്ധാലങ്കാരം ധരിച്ച് യഹോവയെ നമസ്ക്കരിക്കുവിൻ". ഈ സങ്കീർത്തനം ആരാധനയുടെ അർത്ഥം മനസ്സിലാക്കാൻ തക്ക ദിശയിലേക്ക് നടത്തുന്നു. ദൈവത്തെ ആരാധിക്കുക എന്നാൽ ദൈവം അർഹിക്കുന്ന മഹത്വവും ബഹുമാനവും നൽകലാണ്.

**വെളിപ്പാട് 4,5 അദ്ധ്യായങ്ങളിൽ യേശുവിന്റെ സ്വർഗ്ഗ പ്രവേശനമാണ് വിവരിക്കുന്നത്. സ്വർഗ്ഗവാസികൾ ദൈവത്തെയും ദൈവകുഞ്ഞാടായ യേശുവിനെയും ആരാധിക്കുന്നതിന് എന്ത് കാരണമാണ് പറയുന്നത്? വെളി. 4:8, 11; 5:9, 10, 12, 13 കാണുക.**

ദൈവകുഞ്ഞാടായും ലോകരക്ഷകനായും യേശുവിനെ അവതരിപ്പിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ സിംഹാസന മുറിയിൽ നടക്കുന്ന ഈ ആരാധനയുടെ വിവരണം അത്യന്തം പ്രചോദനമേകുന്നു. സൃഷ്ടികൾ ദൈവം ചെയ്ത നന്മകൾക്കായി അർച്ചനയുടെയും നന്ദിയുടെയും വാക്കുകളോടെ പ്രതികരിക്കുമ്പോഴാണ് ആരാധന സംഭവിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടിപ്പിനും രക്ഷയ്ക്കും ഒരാൾ നന്ദിയർപ്പിക്കുന്നതാണ് ആരാധന. അന്ത്യനാളിൽ വീണ്ടെടുക്കപ്പെട്ടവരും അർച്ചനയോടെ ചേർന്ന് ദൈവത്തിന്റെ രക്ഷയ്ക്കു തക്ക രീതിയിൽ പ്രതികരിക്കുകയും ചെയ്യും. "സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവർത്തികൾ വലുതും അത്ഭുതവുമായവ; സർവ്വജാതികളുടെയും രാജാവേ, നിന്റെ വഴികൾ നീതിയും സത്യവുമുള്ളവ. കർത്താവേ, ആര് നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകലജാതികളും വന്നു തിരുസന്നിധിയിൽ നമസ്ക്കരിക്കും" (വെളി. 15:3,4).

ദിവ്യാത്ഭുതങ്ങൾക്ക് ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രതികരണമാണ് ആരാധന. ഒന്നാമതായി നമ്മെ സൃഷ്ടിച്ചതിന്, രണ്ടാമതായി വീണ്ടെടുത്തതിന്. ആരാധനയിൽ നാം ദൈവത്തിന് അർച്ചന, നന്ദി, പുകഴ്ച, സ്നേഹം, അനുസരണം എന്നിവ നൽകുന്നു. ദൈവം ഇവയ്ക്കർഹനാണെന്നും നാം വിശ്വസിക്കുന്നു. സൃഷ്ടാവും രക്ഷകനുമായി ദൈവത്തെക്കുറിച്ച് എന്തറിയാമോ, അത് തിരുവചനത്തിൽ ദൈവം വെളിപ്പെടുത്തിയതിൽ നിന്നു വരുന്നു. ക്രിസ്ത്യാനികൾക്ക് ദൈവത്തെക്കുറിച്ചുള്ള കൂടുതൽ വ്യക്തമായ അറിവ് യേശുവിലും തന്റെ ശുശ്രൂഷയിലും വെളിപ്പെട്ടിരിക്കുന്നു (യോഹ.14:8-14). അതുകൊണ്ട് ക്രിസ്ത്യാനികൾ യേശുവിനെ സൃഷ്ടാവും രക്ഷിതാവുമായി ആരാധിക്കുന്നു. യേശുവിന്റെ ക്രൂശുമരണവും ഉത്ഥാനവുമാണ് ആരാധനയുടെ അന്തഃസത്ത.

ക്രിസ്ത്യാനികൾ ആരാധനയ്ക്കായി കൂടി വരുമ്പോൾ ഈയൊരു അറിവിന്റെ നന്ദിപ്രകാശനമായിട്ടാവണം ആരാധന മുന്നേറേണ്ടത്.

**സൃഷ്ടാവും രക്ഷിതാവുമെന്ന നിലയിൽ ക്രിസ്തുവിൽ നമുക്ക് എന്തുണ്ട്? നമ്മെ എന്തിൽ നിന്നു മോചിപ്പിച്ചു, എന്ത് വാഗ്ദാനം ചെയ്യുന്നു-കാരണം യേശു**

**നമുക്കായി കുരിശു മരണം ഏറ്റെടുത്തു. എന്തുകൊണ്ട് ഇത് നമ്മുടെ എല്ലാ ആരാധനയുടെയും അടിസ്ഥാനം ആകണം?**

**തിങ്കൾ** **ഡിസംബർ 10**

## തെറ്റായ ആരാധന

**മത്തായി 4:8, 9 വായിക്കുക. മരുഭൂമയിൽ യേശു നേരിട്ട മൂന്നാം പരീക്ഷ എന്തായിരുന്നു?**

ഭൂമിയുടെ യഥാർത്ഥ അധികാരി താനാണെന്ന് അഹന്തയോടും ധാർഷ്ട്യത്തോടും സാത്താൻ പ്രഖ്യാപിച്ചു. അതിലെ സകല ധന-മഹത്വങ്ങളുടെയും ഉടമ, അതിൽ ജീവിക്കുന്നവരുടെയെല്ലാം ആദരവിനും ബഹുമാനത്തിനും പാത്രം, എന്നൊക്കെ അവകാശപ്പെട്ടു. അതായത് ഇവയൊക്കെയും സൃഷ്ടിച്ചത് അവനാണെന്ന ഭാവത്തിൽ. സൃഷ്ടാവും യേശുവിന്റെ പിതാവുമായ ദൈവത്തിനെന്തൊരു അപമാനമായിരുന്നു അത്. ആരാധന എന്താണെന്ന് തനിക്ക് വ്യക്തമായി അറിയാമെന്ന് സാത്താൻ വെളിപ്പെടുത്തി: പ്രപഞ്ചത്തിന്റെ യഥാർത്ഥ സൃഷ്ടാവിനു ബഹുമാനവും ആദരവും നൽകുന്നതാണ് ആരാധന.

**ദാനീയേൽ 3-ലെ (വിശിഷ്യ 8-18 വാക്യങ്ങൾ) മൂന്ന് എബ്രായ സുഹൃത്തുക്കളുടെ അനുഭവവും വെളിപ്പാട് 13:4, 14:9-11 വാക്യങ്ങളിലെ അന്ത്യകാല ശക്തിയെയും താരതമ്യം ചെയ്യുക. അന്ത്യകാലത്ത് എന്താണ് പ്രശ്നത്തിലായിരിക്കുന്നത്? രണ്ട് സംഭവങ്ങളിലെയും അടിസ്ഥാന വിഷയമെന്ത്?**

കയീനും ആബേലും മുതൽ ബാബിലോണിലെ മൂന്ന് എബ്രായ ആൺകുട്ടികളും കൂടാതെ അന്ത്യകാല സംഭവങ്ങളിലെ "മൃഗത്തിന്റെ മുദ്ര" (വെളി. 16:2) വരെ സാത്താൻ ശ്രമിക്കുന്നത് തെറ്റായ ഒരു ആരാധന സ്ഥാപിതമാക്കുവാനാണ്. സത്യ ദൈവത്തിൽ നിന്ന് ജനത്തെ മാറ്റി സാത്താനിലേക്ക് ആരാധന കേന്ദ്രീകരിക്കുന്നതിന് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നു വീഴുന്നതിനു മുന്നേ തന്നേ ദൈവത്തെപ്പോലെ ആകുകയായിരുന്നു അവന്റെ ലക്ഷ്യം (യെശ. 14:14). "ബിംബത്തെ" നമസ്കരിച്ചില്ലെങ്കിൽ വധിക്കപ്പെടുമെന്ന് മൂന്ന് ചെറുപ്പക്കാരെയും ഭീഷണിപ്പെടുത്തിയതും അന്ത്യകാലത്ത് സമാന രീതിയിലുള്ള "ബിംബത്തെ" നമസ്ക്കരിച്ചില്ലെങ്കിൽ വധഭീഷണി നേരിടുമെന്നതും തമ്മിൽ സാമ്യം ഉണ്ടാകുന്നത് യാദൃശ്ചികമല്ല. സത്യദൈവത്തെ ആരാധിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുമ്പോൾ എന്തിന് "ബിംബത്തെ" ആരാധിക്കണം?

ദൂരാ മരുഭൂമിയിലെ എബ്രായ യുവാക്കളിൽ നിന്ന് പഠിക്കേണ്ട പാഠം വളരെ പ്രാധാന്യമുള്ളതാണ്....

"അതീവ ദുഃർഘട കാലത്തു ദൈവജനത്തിനു അചഞ്ചലമായ ദൈവ വിശ്വാസം ആവശ്യമായി വരും. ദൈവം മാത്രമാണു തങ്ങളുടെ ആരാധനാ പാത്രമെന്നു ദൈവമക്കൾ പ്രകടമാക്കുന്ന കാലം. മരണഭീഷണിക്കു മുന്നിലും വ്യാജ ആരാധനയ്ക്കുയോതൊരു വിധ പരിഗണനയും ലഭിക്കുകയില്ല. നിത്യനായ ദൈവത്തിന്റെ വചനത്തിനു മുമ്പിൽ പാപികളായ നശ്വര മനുഷ്യരുടെ പ്രതിബദ്ധതയുള്ള

ഹൃദയങ്ങളോടുള്ള ആജ്ഞകൾ അപ്രസക്തിയിൽ മുങ്ങിപ്പോകും. തടവറയോ, നാടുകടത്തലോ, മരണമോ എന്തു തന്നെ വന്നാലും സത്യം അനുസരിക്കും."*എലൻ ജി. വൈറ്റ്, പ്രോഫറ്റ്സ് ആൻഡ് കിങ്സ്, പേജ് 512, 513.*

**ആരാധനയ്ക്ക് അർഹനായവനിൽ നിന്ന് വഴിമാറ്റുന്ന എന്ത് പ്രലോഭനങ്ങളാണ് ഇന്നുള്ളത്? തെറ്റായ ആരാധന നമ്മൾ വിചാരിക്കുന്ന നിസ്സാരതയിലും അപ്പുറം ആകുന്നത് എങ്ങനെ? നാം ഇപ്പോൾ തന്നെ ആരാധനയ്ക്കു പ്രലോഭിപ്പിക്കപ്പെടാവുന്ന വിധം ഇന്നുള്ള ചില വസ്തുതകൾ എന്തൊക്കെയാണ്?**

**ചൊവ്വ** **ഡിസംബർ 11**

### ആദ്യ ദൂതന്റെ സന്ദേശം

വെളിപ്പാട് 14:6-12 വരെ പ്രതിപാദിക്കുന്ന ത്രിവിധ ദൂത് സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ യേശുവിന്റെ രണ്ടാം വരവിനു മുമ്പായി (വെളി.14:14-20) തങ്ങളുടെ സന്ദേശത്തിന്റെ അടിസ്ഥാനവും അന്ത്യകാല ദൗത്യവുമായി കാണുന്നു. "കാഹള ശബ്ദത്തോടു കൂടി" സകല ഭൂവാസികളോടും പ്രഘോഷിക്കപ്പെടേണ്ട അതിപ്രധാന ദൂതുകളാണിത്.

**വെളിപ്പാട് 14:6,7 വായിക്കുക. ഒന്നാം ദൂതന്റെ സന്ദേശമെന്താണ്? അത് ദൈവത്തെക്കുറിച്ച് എന്ത് പറയുന്നു? ആരാധനയെക്കുറിച്ചൊരു സൂചന ഈ ദൂതിൽ ഉള്ളത് എന്തുകൊണ്ടാണ്?**

ആദ്യ ദൂതന്റേത് സർവ്വ ഭൂമിയോടും പ്രഘോഷിക്കുന്ന ദൂതാണ്. മത്തായി 24:14-ലെ യേശുവിന്റെ പ്രവചന നിറവേറലാണിത്. ഈ മൂന്നു ദൂതന്മാരെ നിയോഗിക്കുന്നതിലും അവരുടെ ദൗത്യത്തിലും ഒരു അടിയന്തര ശ്രദ്ധയുടെയും തിടുക്കത്തിന്റെയും ആവശ്യകത കാണാം. ആദ്യ ദൂത് ദൈവത്തിലേക്ക് ശ്രദ്ധ തിരിക്കാൻ ജനത്തോട് ആവശ്യപ്പെടുന്നു, കാരണം "അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു" (വെളി.14:7). യേശുവിന്റെ രണ്ടാം വരവാണ് ന്യാവിധിയെ ത്വരിതത്തിലാക്കുന്നത്.

"ദൈവത്തെ ഭയപ്പെടുവിൻ" ദൂതൻ പറയുന്നു (വെളി.14:7). ദൈവത്തെ ഗൗരവമായി എടുക്കാത്തവർക്ക് ഈ ദൂതും അതനുസരിച്ച് പ്രവർത്തിക്കാനുള്ള ആഹ്വാനവും അവരുടെ മനസ്സുകളിൽ ഭയമുണ്ടാക്കും. എന്നാൽ യേശുവിന്റെ അനുയായികളായിരുന്നവർക്കോ ഇത് അത്ഭുതവും ബഹുമാനവും ഉണ്ടാക്കുന്നു. അവർ ദൈവത്തിലേക്കു നോക്കുകയും വാഗ്ദത്ത നിവർത്തി കാണുകയും ചെയ്യും. ദൈവത്തോടുള്ള നന്ദിനിറഞ്ഞ ഭക്തിയിൽ അവർ നിറയുന്നു.

"ആകാശവും ഭൂമിയും നീരുറവകളും ഉണ്ടാക്കിയവനെ നമസ്ക്കരിക്കുവിൻ"(വെളി.14:7). സൃഷ്ടിപ്പിലേക്കുള്ള സൂചന നൽകിക്കൊണ്ട് (പുറ.20:8-11) ഈ വരികൾ ശബ്ബത്തു കൽപനയിലേക്ക് വിരൽ ചൂണ്ടുന്നു. സൃഷ്ടിയുടെ ഓർമ്മയ്ക്കായി ശബ്ബത്തു കല്പന സ്ഥാപിച്ച സ്രഷ്ടാവാം ദൈവത്തെയാണ് ആരാധിക്കുകയും വണങ്ങുകയും ചെയ്യേണ്ടത്.

കാലത്തിന്റെ അന്ത്യത്തിൽ വൻ പോരാട്ടത്തിൽ മാനവകുലത്തിന്റെ കൂറ് വെളി വാക്കുന്നതിൽ ആരാധന അതിപ്രധാന ഘടകമാണ്. ഈ ഭൂലോക അറിയിപ്പ് സൃഷ്ടാവിനെ ആരാധിപ്പാനുള്ള ആഹ്വാനമാണ്.

"അവസാന പോരാട്ടത്തിലെ കേന്ദ്രബിന്ദു ആരാധനയാകും. ആരാധന നിഷേ ധമായിരിക്കില്ല മറിച്ച് ആരെ ആരാധിക്കുമെന്നാകും പരീക്ഷയെന്ന് വെളിപ്പാട് വ്യക്ത മായി പറയുന്നു. അന്ത്യകാലത്ത് രണ്ടു തരം ആളുകളേ ഭൂമിയിലുണ്ടാകൂ. സത്യ ദൈവത്തെ ഭയപ്പെട്ട് ആരാധിക്കുന്നവരും (11:1,18;14:7) സത്യം വെറുത്ത് മൃഗത്തെ ആരാധിക്കുന്നവരും (13:4–8, 14:9–11).

"അവസാന പോരാട്ടനാളുകളിൽ ആരാധനയാണ് പ്രധാന പ്രശ്നമാകുന്നതെ ങ്കിൽ, ദൈവം ഭൂവാസികളോട് ദൈവത്തെ ഗൗരവമായി എടുത്ത് ആരാധനയ്ക്കു യോഗ്യനായ ഒരേയൊരാളെ, സ്രഷ്ടാവായി ആരാധിക്കാൻ അന്ത്യകാല ദൂതിലൂടെ അറിയിക്കുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല." – *റാങ്കോ സ്തെഫാനോവിച്, റെവ ലേഷൻ ഓഫ് ജീസസ് ക്രൈസ്റ്റ്: കമന്ററി ഓൺ ദി ബുക് ഓഫ് റെവലേഷൻ (ബേറിയൻ സ്പ്രിംഗ്സ്, മിഷിഗൺ: ആൻഡ്രൂസ് യൂണിവേഴ്സിറ്റി പ്രസ്, 2002), പേജ് 444, 445.*

**ബുധൻ** **ഡിസംബർ 12**

## തിരുവചന പഠനവും കൂട്ടായ്മയും

**അ.പ്ര. 2:42 വായിക്കുക. ആദിമ ക്രൈസ്തവ ആരാധനയുടെ ചില ഘടക ങ്ങൾ എന്തൊക്കെ?**

"അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അ.പ്ര.2:42). അപ്പൊസ്തലന്മാരിലൂടെ നൽകപ്പെട്ട ദൈവവചനം പഠിക്കുക ആരാധനയുടെ കേന്ദ്രമായി കാണപ്പെടുന്നു. യേശുവിനെ കുറിച്ചും മശിഹയെക്കുറിച്ചും തിരുവചനം പറയുന്നതെന്തെന്ന് ആദിമ ക്രൈസ്തവർ വിസ്വസ്തതയോടെ പഠിച്ചു. തങ്ങൾക്കു ലഭിച്ച അനുഗ്രഹങ്ങൾ പങ്കു വയ്ക്കാനും ദൈവത്തോടൊത്തുള്ള ആത്മീയയാത്രയിൽ പ്രോത്സാഹനം നൽകാനും അവർ നിരന്തര കൂട്ടായ്മായിലായിരുന്നു. തിരുവചനത്തിൽ നിന്ന് വില യേറിയ സത്യങ്ങൾ ഖനനം ചെയ്തെടുത്ത് അവർ ലോകദൂതിന് ശിലയിട്ടു.

**ദൈവവചനം മറ്റ് വിശ്വാസികൾക്കൊപ്പം കൂട്ടായമയോടെ പഠിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് താഴെയുള്ള വാക്യങ്ങൾ എന്തു പറയുന്നു?**

2 രാജാ. 22:8–13; അ.പ്ര. 17:10, 11; 2 തിമൊ. 3:14–17.

"സത്യസുവിശേഷം എവിടെയെല്ലാം പ്രഘോഷിക്കപ്പെടുന്നോ അവിടൊക്കെ ശരി ചെയ്യാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ ശുഷ്ക്കാന്തിയോടെ വചനം അന്വേഷിച്ചു തുടങ്ങുന്നു. ലോകത്തിന്റെ സമാപന രംഗങ്ങളിൽ സത്യങ്ങൾ പരി ശോധിച്ചറിയുന്നവരോട് സുവിശേഷം പ്രഘോഷിക്കപ്പെട്ടാൽ, ബറോവയിലെ വിശ്വാ സികളെപ്പോലെ ദിനവും തിരുവചനം പരിശോധിച്ച് ദൈവം പറഞ്ഞതുമായി താര തമ്യം ചെയ്തു നോക്കും. അങ്ങനെയെങ്കിൽ ദൈവകല്പനയോട് വിശ്വസ്തത

പുലർത്തുന്ന അനേകർ ഇന്നുണ്ടാകുമായിരുന്നു, സാഹചര്യവശാൽ ഇന്ന് അങ്ങനെയില്ല."-*എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്, പേജ് 232.*

നാം പ്രഘോഷിക്കുന്ന, തിരുവചനത്തിൽ നിന്ന് കണ്ടെത്തിയ സത്യം നിമിത്തം, നമ്മൾ ഐക്യമുള്ളൊരു കൂട്ടമാണ്. ദൈവസഭയെക്കുറിച്ച് അന്ന് ഇത് സത്യമായിരുന്നു, ഇന്നും. ലോകത്തോട് ത്രിവിധ ദൂത് ഘോഷിക്കുവാൻ വിളിക്കപ്പെട്ട ജനമെന്ന നിലയിൽ ദൈവവചന പഠനം നമ്മുടെ ആരാധനയ്ക്കും ഐക്യത്തിനും അടിസ്ഥാനമാകുന്നു. ഒരു കുടുംബമായി നാം കൂട്ടായ്മയ്ക്കും ആരാധനയ്ക്കും വരുമ്പോൾ തിരുവചനം നമ്മോടു ദൈവത്തിന്റെ വാക്കുകൾ സംസാരിക്കും. അത് ശുശ്രൂഷയ്ക്കും യേശുവിന്റെ രണ്ടാം വരവിനും തയ്യാറാകുന്നതിന് ജീവിതങ്ങളെ ക്രമീകരിക്കും.

**നമ്മൾ വിശ്വസിക്കുന്ന കാര്യങ്ങളിൽ, ബൈബിളിൽ എത്രമാത്രം അടിയുറച്ച വിശ്വാസമുള്ളവരാണ് നമ്മൾ? എബ്രായ യുവാക്കളെപ്പോലെ മരണമുഖത്തു പോലും ഉറച്ചു നിൽക്കാൻ തക്ക വേരുകളുള്ള വിശ്വാസകിളാണോ നിങ്ങൾ?**

**വ്യാഴം** **ഡിസംബർ 13**

## അപ്പം മുറിക്കലും പ്രാർത്ഥനയും

ആദിമസഭ എന്തെല്ലാം വെല്ലുവിളികൾ നേരിടേണ്ടി വന്നെങ്കിലും അവർ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഒന്നായിരുന്നു. മാത്രമല്ല, ലോകം മുഴുവൻ എത്തിക്കുവാൻ ആവശ്യപ്പെട്ട് ഭരമേൽപിച്ച സത്യത്തിലും ഒന്നായിരുന്നു. അതുകൊണ്ട് പത്രൊസ് അതിനെ "ലഭിച്ച സത്യം" എന്നു പറയുന്നു (2 പത്രൊ.1:12). അങ്ങനെ സത്യത്തിൽ ഒന്നിച്ചു നിന്ന് ഐക്യം പലവിധം വെളിപ്പെടുത്തി.

"അവർ അപ്പൊസ്തലന്മാരുടെ........ അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (അ.പ്ര.2:42). ഇവിടെ അപ്പം നുറുക്കൽ, ഭക്ഷണ കൂട്ടായ്മ അഥവാ വിശ്വാസികൾ പതിവായി ഭക്ഷണത്തിന് ഒത്തു വന്നിരുന്നതോ ആണ് സൂചിപ്പിക്കുന്നത്. അത്തരം ഭക്ഷണ കൂട്ടായ്മകളിൽ ആരെങ്കിലും ഒരാൾ അപ്പത്തിന്മേലും വീഞ്ഞിന്മേലും പ്രത്യേക അനുഗ്രഹ പ്രാർത്ഥന നടത്തും. അത് യേശുവിന്റെ മരണ-ഉത്ഥാനങ്ങളെക്കുറിച്ചോർത്ത് വീണ്ടും വരവിന്റെ പ്രത്യാശ ഉണ്ടാകുവാനാണ്. ആദിമ ക്രൈസ്തവർ അങ്ങനെ യേശുവിന്റെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും അർത്ഥം മനസ്സിലാക്കുന്നതിനു സമയം കണ്ടെത്തി. അതേപ്പറ്റി അപ്പം മുറിക്കൽ കൂട്ടായ്മ സമയത്ത് സംസാരിക്കാൻ ഇഷ്ടപ്പെട്ടു. അവർ ഭക്ഷണത്തിന് ഒരുമിച്ച സമയങ്ങൾ ആരാധനയുടേതായി. "ദിനംപ്രതി ദൈവാലയത്തിൽ കൂടിവരുകയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" (അ.പ്ര. 2:46,47). സംശയമെന്യേ കൂട്ടായ്മയുടെ ഈ സമയം അവർക്ക് യേശുവിലുള്ള ഐക്യം ശക്തിപ്പെടുത്താൻ സഹായിച്ചു.

**അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിൽ ആദിമ ക്രൈസ്തവർ പ്രാർത്ഥിക്കുന്ന എന്ത് ഉദാഹരണങ്ങളാണുള്ളത്? അവർ എന്തിനു വേണ്ടിയാണ് പ്രാർത്ഥിച്ചത്?**

അ.പ്ര. 1:14, അ.പ്ര. 4:23-31.

ദൈവവുമായി നേരിട്ട് സംസാരിക്കാനുള്ള അവസരങ്ങളെ ആദിമ സഭ താലോലിച്ചു. ആരാധനയ്ക്കായി ഒരുമിക്കുമ്പോൾ അവ അപേക്ഷിക്കാൻ അവർ മറന്നില്ല. തിമൊത്തിക്കുള്ള ആദ്യ ലേഖനത്തിൽ പൗലൊസ് ക്രിസ്ത്യാനികൾ ഒന്നിക്കുമ്പോൾ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നു (1 തിമൊ.2:1). എഫേസ്യരോടും പൗലൊസ് പ്രാർത്ഥനയുടെ പ്രാധാന്യത്തെപ്പറ്റി വിവരിച്ചു: "സകല പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചും കൊണ്ടു സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണ സ്ഥിരത കാണിക്കുവിൻ" (എഫേ. 6:18,19).

**പൊതുവിഷയങ്ങളിൽ പക്ഷവാദ പ്രാർത്ഥനയിലൂടെ ആഴമേറിയ ഐക്യം അനുഭവിക്കാൻ സാധിക്കുന്ന വിധങ്ങൾ ഏതെല്ലാം? ഒരു സഭയെന്ന നിലയിൽ ഈ പ്രാർത്ഥനകൾ നമ്മെ എങ്ങനെ ഒരുമിപ്പിക്കുന്നു?**

**വെള്ളി** **ഡിസംബർ 14**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ് എൻസൈക്ലോപീഡിയയിലെ "പ്രെയർ" പേജ് 1044-1046, "വർഷിപ്" പേജ് 1290, 1291 വായിക്കുക.*

"സൃഷ്ടിയുടെ സ്മാരകമായ ശബ്ബത്തു കല്പനയുടെ പ്രാധാന്യമെന്തെന്നാൽ ദൈവത്തിന് ആരാധന വേണ്ടതിന്റെ യഥാർത്ഥ കാരണം അത് നൽകുന്നു. അവനാണ് സ്രഷ്ടാവ്, നമ്മൾ സൃഷ്ടികളും. വിശുദ്ധ ആരാധനയുടെ കേന്ദ്രബിന്ദുവാണ് അപ്പോൾ ശബ്ബത്ത്. ഇത്ര വലിയ സത്യം പഠിപ്പിക്കുന്നത് അതാണ്, മറ്റൊരു സ്ഥാപനവും ഇത് പഠിപ്പിക്കുന്നുമില്ല. ഏഴാം ദിനത്തിൽ മാത്രമുള്ള ആരാധനയല്ല, എല്ലാ ആരാധനയുടെയും സത്യ അടിസ്ഥാനം സ്രഷ്ടാവും സൃഷ്ടികളും തമ്മിലുള്ള വ്യത്യാസത്തിലാണ്. ഈ മഹത്വസ്തുത ഒരിക്കലും കാലഹരണപ്പെട്ടു പോകില്ല, അതൊരിക്കലും മറക്കാനും പാടില്ല" *ജെ. എൻ. ആൻഡ്രൂസ്, "ഹിസ്റ്ററി ഓഫ് ദി ശബ്ബത്ത്", അദ്ധ്യായം 27.* ഈ സത്യം മനുഷ്യമനസ്സുകൾക്കു മുന്നിൽ എന്നും ഉണ്ടാകാനാണ് ദൈവം ഏദനിൽ ശബ്ബത്ത് സ്ഥാപിച്ചത്. ദൈവം നമ്മുടെ സ്രഷ്ടാവെന്ന കാരണത്താൽ നാം അവനെ ആരാധിക്കുന്നിടത്തോളം ശബ്ബത്ത് അതിന്റെ അടയാളവും ഓർമ്മയുമായി തുടരും. ആഗോളതലത്തിൽ ശബ്ബത്തനുസരിച്ചിരുന്നെങ്കിൽ മനുഷ്യന്റെ ചിന്തകളും താല്പര്യങ്ങളും നന്ദിയോടും ബഹുമാനത്തോടും സ്രഷ്ടാവിലേക്കു നയിച്ചേനേ. ഒരൊറ്റ വിഗ്രഹാരാധിയോ, നിരീശ്വരവാദിയോ, അവിശ്വാസിയോ ഉണ്ടാവുകയില്ലായിരുന്നു. ശബ്ബത്താചരിക്കുക സത്യ ദൈവത്തോടുള്ള കൂറു കാണിക്കലാണ്. 'ആകാശവും, ഭൂമിയും, നീരുറവകളും സൃഷ്ടിച്ചവനെ ആരാധിക്കുക'. ദൈവത്തെ ആരാധിപ്പാനും കല്പനകൾ

അനുസരിപ്പാനും ആജ്ഞാപിക്കുന്ന ദൂത് നാലാം കല്പന അനുസരിക്കാനും ആവശ്യപ്പെടുന്നു.''–*എലൻ ജി. വൈറ്റ്, ദി ഗ്രേറ്റ് കോൺട്രോവേഴ്സി, പേജ് 437, 438.*

**ചർച്ച**

1. **ആരാധനയുടെ തിരുവചന വ്യാഖ്യാനങ്ങളിൽ സൃഷ്ടിയും രക്ഷയും വളരെ ബന്ധപ്പെട്ടു കിടക്കുന്നു. ശബ്ബത്താരാധന തെറ്റായ ആരാധനയ്ക്കെതിരെ ദൈവം തരുന്ന ഒറ്റമൂലി ആകുന്നതെങ്ങനെ? വെളിപ്പാട് 14:6,7 വാകൃങ്ങളിലെ അന്ത്യകാല പ്രവചനത്തിൽ അതിനുള്ള പങ്ക് എന്താണ്? ആദ്യ ദൂതന്റെ സന്ദേശത്തിൽ ശബ്ബത്ത് സൂചിപ്പിച്ചിരിക്കുന്നതെന്തുകൊണ്ടാണ്?**
2. **പലപ്പോഴും ആരാധനാ സമയത്ത് ചെയ്യേണ്ടതായതും ചെയ്യരുതാത്തതായതുമായ കാര്യങ്ങളെ കുറിച്ച് നാം ചർച്ച ചെയ്യാറുണ്ട്. അത് നല്ലതാണോ? ആരാധന എന്നാൽ എന്താണ്? പ്രാദേശിക സഭ അർത്ഥവത്തായ ആരാധന അനുഭവിക്കുന്നതെങ്ങനെ?**
3. **ചില സമൂഹങ്ങളിൽ ക്രിസ്തീയ ആരാധനാ കൂട്ടായ്മ സാവധാനം അപ്രത്യക്ഷമായ്ക്കൊണ്ടിരിക്കുകയാണ്. അതും അഡ്വന്റിസ്റ്റ് സമൂഹങ്ങളിൽ പോലും. ഈ രീതിക്കു തടയിടാൻ തക്ക എന്തു നടപടികൾ നിങ്ങളുടെ പ്രാദേശിക സഭ സ്വീകരിക്കുന്നു?**

**സംഗ്രഹം:** രക്ഷയുടെ സമ്മാനത്തിന് ഒരു ക്രിസ്ത്യാനിയുടെ നന്ദിയർപ്പണമാണ് ആരാധന. ക്രൈസ്തവ സമൂഹത്തിന്റെ ഐക്യ, കൂട്ടായ്മ അനുഭവങ്ങളുടെ അവിഭാജ്യ ഘടകവുമാണത്. പ്രാർത്ഥനയും നമുക്കായുള്ള ദൈവസത്യം അറിയുക എന്ന ലക്ഷ്യത്തോടെയുള്ള വചന പഠനവുമില്ലാതെ വന്നാൽ ക്രിസ്തുവിൽ ഒന്നാകുന്ന അനുഭവം നമ്മുടെ സമൂഹത്തിന് നഷ്ടമാകും.

****